# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2025 ജനുവരി 22**

---

## എം.ജി സർവകലാശാലയിൽ മികവിന്റെ കേന്ദ്രം; ധാരണാപത്രമായി

*ഉന്നത വിദ്യാഭ്യാസ മേഖലയിലെ കാലോചിത പരിഷ്കാരങ്ങളുടെ ഭാഗമായി സംസ്ഥാന സർക്കാർ മഹാത്മാ ഗാന്ധി സർവകലാശാലയിൽ സ്ഥാപിക്കുന്ന മികവിന്റെ കേന്ദ്രത്തിന് ധാരണാപത്രമായി. തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ. ആർ. ബിന്ദുവിന്റെ സാന്നിധ്യത്തിൽ ഉന്നത വിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ ഡോ. രാജൻ ഗുരുക്കൾ സർവകലാശാലാ പ്രതിനിധികൾക്ക് ധാരണാപത്രം കൈമാറി.*

*ശാസ്ത്ര, സാങ്കേതിക, സംരംഭകത്വ മേഖലകളുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾക്കും തുടർ പ്രവർത്തനങ്ങൾക്കുമായുള്ള കേന്ദ്രമാണ് സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനു കീഴിൽ മഹാത്മാ ഗാന്ധി സർവകലാശാലയിൽ തുടങ്ങുന്നത്. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സയൻസ്, ടെക്നോളജി ആന്റ് ഇന്നവേഷൻ എന്ന പേരിലായിരിക്കും സ്ഥാപനം അറിയപ്പെടുക.*

*ശാസ്ത്ര-സാങ്കേതിക മേഖലയിലെ സംസ്ഥാനത്തിന്റെ വളർച്ചയ്ക്ക് ഊർജ്ജം പകരുന്ന കേന്ദ്രമായിരിക്കും ഇതെന്ന് മന്ത്രി പറഞ്ഞു.*

*ഉന്നത വിദ്യാഭ്യാസ മേഖലയിലെ കണ്ടെത്തലുകളെ ഉത്പന്നങ്ങളും സംരംഭങ്ങളുമാക്കി മാറ്റുന്നതിനും വ്യവസായ മേഖലയുമായി സഹകരിച്ച് സംരംഭകത്വ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് ഇവിടെ നടക്കുക. ഇതിനായി ദേശീയ, രാജ്യാന്തര തലങ്ങളിലുള്ള സഹകരണവും പരിഗണിക്കും.*

*ഉന്നത വിദ്യാഭ്യാസമേഖലയുടെ സമഗ്രപരിഷ്കരണത്തിന് ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ നൽകിയ ശിപാർശയുടെ അടിസ്ഥാനത്തിൽ ആദ്യ ഘട്ടമായി സംസ്ഥാനത്ത് എം.ജി സർവകലാശാലയിലേതുൾപ്പെടെ ഏഴു മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനാണ് സർക്കാർ ഭരണാനുമതി നൽകിയത്. ഓരോ കേന്ദ്രവും*

*വ്യത്യസ്ത മേഖലകളിലുള്ള പഠനങ്ങൾക്കാണ് ഊന്നൽ നൽകുക. സ്വയംഭരണ സ്ഥാപനങ്ങളായാണ് ഇവ പ്രവർത്തിക്കുക.*

*ചടങ്ങിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഇഷിത റോയ്, കൗൺസിൽ മെംബർ സെക്രട്ടറി ഡോ. രാജൻ വർഗീസ്, മഹാത്മാ ഗാന്ധി സർവകലാശാലാ സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ജോജി അലക്സ്, അരുൺ കെ. ശശീന്ദ്രൻ, സെൻറർ ഓഫ് എക്സലൻസ് കോ-ഓർഡിനേറ്റർ ഡോ. ഇ.കെ രാധാകൃഷ്ണൻ എന്നിവരും സന്നിഹിതിരായിരുന്നു.*

*ഫോട്ടോ ക്യാപ്ഷൻ..........*

*മഹാത്മാ ഗാന്ധി സർവകലാശാലയിൽ മികവിന്റെ കേന്ദ്രം സ്ഥാപിക്കുന്നത് സംബന്ധിച്ച ധാരണാപത്രം മന്ത്രി. ഡോ. ആർ ബിന്ദുവും ഉന്നത വിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ ഡോ. രാജൻഗുരുക്കളും തിരുവനന്തപുരത്തു നടന്ന ചടങ്ങിൽ പ്രദർശിപ്പിക്കുന്നു. ഡോ. ജോജി അലക്സ്, ഡോ. കെ. സുധീന്ദ്രൻ, അരുൺ കെ. ശശീന്ദ്രൻ, ഡോ. ഇ.കെ. രാധാകൃഷ്ണൻ, ഡോ. രാജൻ വർഗീസ് എന്നിവർ സമീപം.*

*(പി.ആർ.ഒ/39/1238/2025)*

## അസിസ്റ്റന്റ് പ്രഫസർ; വാക്-ഇൻ-ഇന്റർവ്യൂ

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റഗ്രേറ്റഡ് പ്രോഗ്രാംസ് ആന്റ് റിസർച്ച് ഇൻ ബേസിക് സയൻസസിൽ(ഐഐആർബിഎസ്) മാത്തമാറ്റിക്സ് അസിസ്റ്റന്റ് പ്രഫസർ തസ്തികയിൽ ഒരൊഴിവിൽ (മുസ്ലിം) താത്കാലിക നിയമനത്തിനുള്ള വാക്ക് ഇൻ ഇന്റർവ്യൂ ഫെബ്രുവരി ഏഴിന് ഉച്ചക്ക് 12 ന് വൈസ് ചാൻസലറുടെ ചേംബറിൽ നടക്കും.*

*ഒരുവർഷത്തേക്കാണ് നിയമനം. പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ സേവന കാലാവധി ദീർഘിപ്പിക്കാൻ സാധ്യതയുണ്ട്. യുജിസി നിഷ്കർഷിക്കുന്ന യോഗ്യതയുള്ളവരെയാണ് പരിഗണിക്കുന്നത്. പ്രായപരിധി 2025 ജനുവരി ഒന്നിന് 70 വയസ് കവിയരുത്. പ്രതിമാസ വേതനം 40000 രൂപ. ഇന്റർവ്യൂവിൽ പങ്കെടുക്കുന്നവർ രാവിലെ 11ന് റിപ്പോർട്ട് ചെയ്യണം.*

*(പി.ആർ.ഒ/39/1239/2025)*

## പ്രഭാഷണ പരിപാടി

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ കെ.ആർ. നാരായണൻ ചെയർ ഓഫ് ഹ്യൂമൻ റൈറ്റ്സ് ആന്റ് സോഷ്യൽ ജസ്റ്റീസിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന പ്രഭാഷണ പരിപാടി ജനുവരി 29, 30 തീയതികളിൽ നടക്കും. സ്കൂൾ ഓഫ് സോഷ്യ ലർ സയൻസസ് സെമിനാർ ഹാളിൽ നടക്കുന്ന പരിപാടിയിൽ എഴുത്തിന്റെ ജ്ഞാന ശാസ്ത്രം എന്ന വിഷയത്തിൽ പ്രഫ. സനൽ മോഹൻ, പ്രഫ. എ.കെ രാമകൃഷ്ണൻ എന്നിവർ പ്രഭാഷണം നടത്തും. കൂടുതൽ വിവരങ്ങൾ 9961402105 എന്ന നമ്പരിൽ ലഭി ക്കും.*

*(പി.ആർ.ഒ/39/1239/2025)*

## പ്രവേശന പരീക്ഷ 25ന്

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ പഞ്ചവത്സര ബിബിഎ എൽഎൽബി (ഓണേഴ്സ്) 2024-2025 വർഷം പ്രവേശനത്തിനുള്ള പരീക്ഷ ജനുവരി 25ന് രാവിലെ 11.30ന് സൂര്യകാലടി ഹിൽസി ലെ വകുപ്പ് കാമ്പസിൽ നടക്കും. പരീക്ഷ എഴുതുന്നവർ 11ന് റിപ്പോർട്ട് ചെയ്യണം. ഹാൾ ടിക്കറ്റ്* https://cat.mgu.ac.in *എന്ന വെബ്സൈറ്റിൽനിന്ന് ഡൗൺലോഡ് ചെ യ്യാം.*

*(പി.ആർ.ഒ/39/1240/2025)*

## പ്രാക്ടിക്കൽ

*മൂന്നാം സെമസ്റ്റർ ബിഎഫ്ടി, ബിഎസ്സി അപ്പാരൽ ആന്റ് ഫാഷൻ ഡിസൈൻ മോഡൽ 3 സിബിസിഎസ് (2023 അഡ്മിഷൻ റെഗുലർ, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്-പുതിയ സ്കീം- ഒക്ടോബർ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി 27 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.*

.....................

*മൂന്നാം സെമസ്റ്റർ ബിവോക്ക് ബിസിനസ്സ് അക്കൗണ്ടിംഗ് ആന്റ് ടാക്സേഷൻ (2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് പുതീയ സ്കീം ഒക്ടോബർ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഫെബ്രുവരി നാല്, അഞ്ച് തീയതികളിൽ മുരിക്കാശ്ശേരി പാവനാത്മാ കോളജിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

........................

*മൂന്നും നാലും സെമസ്റ്റർ എംഎഫ്എ (2022 അഡ്മിഷൻ റെഗുലർ, 2019 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി ജനുവരി 2025) പ്രാക്ടിക്കൽ പരീക്ഷകൾ ഫെബ്രുവരി മൂന്നു മുതൽ തൃപ്പൂണിത്തുറ ആർഎൽവി കോളജിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1241/2025)*

## പരീക്ഷക്ക് അപേക്ഷിക്കാം

*രണ്ടാം സെമസ്റ്റർ എംഎ, എംഎസ്സി, എംകോം, എംസിജെ, എംഎച്ച്എം, എംഎംഎച്ച്, എംറ്റിഎ, ആന്റ് എംടിടിഎം (സിഎസ്എസ് 2017, 2018 അഡ്മിഷനുകൾ ആദ്യ മെഴ്സി ചാൻസ്, 2016 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2015 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) പരീക്ഷകൾക്ക് ഫെബ്രുവരി 24 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ഫെബ്രുവരി 25 വരെയും സൂപ്പർ ഫൈനോടുകൂടി ഫെബ്രുവരി 27 വരെയും അപേക്ഷ സ്വീകരിക്കും.*

*(പി.ആർ.ഒ/39/1242/2025)*

## പരീക്ഷാ ഫലം

*മൂന്നാം സെമസ്റ്റർ പിജിസിഎസ്എസ് മാസ്റ്റർ ഓഫ് ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് (2023 അഡ്മിഷൻ റഗുലർ, 2020 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി-ഒക്ടോബർ 2024) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഫെബ്രുവരി അഞ്ച് വരെ അപേക്ഷിക്കാം.*

*(പി.ആർ.ഒ/39/1243/2025)*

## വൈവാ വോസി

*മൂന്നാം സെമസ്റ്റർ എംഎസ്സി ഇൻഡസ്ട്രിയൽ കെമിസ്ട്രി (സിഎസ്എസ്) (2023 അഡ്മിഷൻ റെഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്-ഒക്ടോബർ 2024) പരീക്ഷയുടെ വൈവാ വോസി പരീക്ഷകൾ ജനുവരി 31 ന് നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1244/2025)*

പബ്ലിക് റിലേഷൻസ് ഓഫീസർ